**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **05-07-2022 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന സർക്കാർ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷിയും പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകൃഷി വ്യാപനത്തിനായി 30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. യൂണിറ്റ് ഒന്നിന് മൊത്തം ചെലവായ 1 ലക്ഷം രൂപയുടെ 50% ആയ 50,000 രൂപ ധനസഹായം നൽകുന്നു.<br><br>കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി) പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന ജൈവ കൃഷി പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് ജൈവകൃഷി |

| | | | |
|---|---|---|---|
| | | | മിഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ജൈവകൃഷി വിപണി പിടിക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി 2013-14 മുതൽ 2020-21 വരെ 274 ഇക്കോഷോപ്പുകളും 2021-22 സാമ്പത്തിക വർഷത്തിൽ 12 ഇക്കോഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ആകെ 286 ഇക്കോഷോപ്പുകൾ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലൂടെ 192 ഇക്കോഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ രണ്ട് ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ ഹോർട്ടികോർപ്പ് മുഖേന ആലപ്പുഴ ജില്ലയിലും വി.എഫ്..പി.സി.കെ മുഖേന കോഴിക്കോട് ജില്ലയിലും സ്ഥാപിക്കുന്നതിനായി ഒരു ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റിന് 25 ലക്ഷം രൂപ നിരക്കിൽ 2022-23 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ – കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ